(ബി) ശമ്പളത്തിന്റെ 20% കുറച്ച് വാങ്ങിയാൽ മതിയെന്ന് 17-9-2014-ലെ മന്ത്രിസഭായോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. സംസ്ഥാനം നേരിടുന്ന സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിലാണ് ഇത്തരമൊരു തീരുമാനമെടുത്തിട്ടുള്ളത്.

(സി) മന്ത്രിമാരുടെ ശമ്പളത്തിൽ നിന്നും 20% കിഴിവ് വരുത്തുകവഴി മാർച്ച് 2015 വരെ ആകെ 14.67 ലക്ഷം രൂപ ശമ്പളച്ചെലവിൽ കുറവ് വരും.

(ഡി) ഉണ്ട്. 23-9-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 7445/2014/ പൊ.ഭ.വ.-യുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

ജനസമ്പർക്ക കേന്ദ്രംവഴി മുഖ്യമന്ത്രിക്ക് ലഭിച്ച പരാതികൾ

43 (1907) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ ജനസമ്പർക്കകേന്ദ്രം വഴി മുഖ്യമന്ത്രിക്ക് ഇതുവരെ എത്ര പരാതികൾ ലഭിച്ചു ; ഇതിന്റെ കണക്ക് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പരാതികളിൽ ഓരോ വകുപ്പിലേയും എത്ര പരാതികളിന്മേൽ അന്തിമമായി തീർപ്പായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 30-11-2014 വരെ 10,900 പരാതികൾ ലഭിച്ചു. (11-10-2013 മുതൽ)

(ബി) പരാതികൾ മേൽനടപടിക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്. തീർപ്പാക്കിയ പരാതികളുടെ വകുപ്പ് തിരിച്ചുള്ള കണക്ക് ശേഖരിച്ചിട്ടില്ല.

അന്ധവിശ്വാസങ്ങൾക്കെതിരെയുള്ള നിയമനിർമ്മാണം

44 (1908) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്ധവിശ്വാസങ്ങൾമൂലം സ്ത്രീകളും കുട്ടികളും കൊല്ലപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അന്ധവിശ്വാസങ്ങൾക്കെതിരെ എത്ര സംസ്ഥാനങ്ങളിൽ നിയമനിർമ്മാണം നടന്നിട്ടുണ്ട് എന്നറിയാമോ ; എങ്കിൽ വെളിപ്പെടുത്താമോ ;

(സി) കേരളത്തിൽ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly